## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം: 75** — **11.06.2012ൽ മറുപടിയ്ക്ക്**

### വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ സംസ്ഥാനത്തെ പല ബാങ്കുകളും നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിദ്യാഭ്യാസ വായ്പ വിതരണത്തിന് ബാങ്കുകൾ പുതിയ നിബന്ധനകൾ കൊണ്ടുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) & സി) മെറിറ്റ് അടിസ്ഥാനപ്പെടുത്തി യുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃത മാർഗ്ഗനിർദ്ദേശം ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ (IBA) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനം ടി മാർഗ്ഗനിർദ്ദേശ ത്തിന്റെ പരിധിയിൽ വരുന്നില്ല. ഇതു സംബന്ധിച്ച നയം നിശ്ചയിക്കാനുള്ള അധികാരം നിലവിൽ അതാത് ബാങ്കുകളിൽ നിക്ഷിപ്തമാണ്. മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനത്തിന് കൂടി ഒരു ഏകീകൃതനയമെന്ന ആവശ്യം കേന്ദ്രഗവൺമെന്റി ന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| സി) വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ഏകീകൃതനയം രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ